# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട

ചോദ്യം നമ്പർ : *301   22/08/2017 -ലെ മറുപടി

## ജലപാതകളുടെ നിർമ്മാണ പുരോഗതി

**ചോദ്യം**

ശ്രീ. എ. എം. ആരിഫ്
ശ്രീ. എം. രാജഗോപാലൻ
ശ്രീ. എം. മുകേഷ്
ശ്രീ. ബി. സത്യൻ

**മറുപടി**

പിണറായി വിജയൻ
( മുഖ്യമന്ത്രി )

എ. പരിസ്ഥിതി മലിനീകരണവും ചെലവും കുറഞ്ഞ ഗതാഗത മാർഗ്ഗമായ ജല ഗതാഗതം പ്രോത്സാഹിപ്പിക്കാനായി നടത്തിയ പ്രവർത്തനങ്ങൾ അറിയിക്കാമോ ;

എ. 2020-ഓടെ പൂർത്തിയാക്കുന്ന തരത്തിലാണ് ജലഗതാഗതം വികസിപ്പിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ വിഭാവനം ചെയ്തിരിക്കുന്നത്. കോവളം മുതൽ നീലേശ്വരം വരെയുള്ള ജലപാതയുടെ കൊല്ലം മുതൽ കോഴിക്കോട് വരെയുള്ളത് ദേശീയ ജലപാതയാണ്. കോഴിക്കോട് മുതൽ നീലേശ്വരം വരെയുള്ള ഭാഗം സംസ്ഥാന ജലപാതയായി വികസിപ്പിക്കുന്നതിനാണ് ഊന്നൽ നൽകുന്നത്. ഇതിനായി ഒരു സ്പെഷൽ പർപ്പസ് വെഹിക്കിൾ രൂപീകരിച്ചിട്ടുണ്ട്. കോവളം മുതൽ കൊല്ലം വരെയുള്ള സംസ്ഥാന ജലപാത പൂർണ്ണമായും ഗതാഗതയോഗ്യമാക്കുന്നതിന്റെ ഭാഗമായി പാർവ്വതി പുത്തനാറിന്റെ വികസനം ലക്ഷ്യമാക്കി 80 കോടി രൂപയുടെ പദ്ധതിയാണ് വിഭാവനം ചെയ്തിട്ടുള്ളത്. വർക്കല തുരങ്കങ്ങൾ വീതികൂട്ടി വികസിപ്പിക്കുന്നതിനുള്ള പഠനങ്ങൾ നടന്നു വരുന്നു. ഇതോടൊപ്പം മലബാർ

മേഖലയിൽ കോഴിക്കോട് മുതൽ നീലേശ്വരം വരെ വിവിധ പദ്ധതികൾക്കുള്ള ഭരണാനുമതി നൽകിക്കഴിഞ്ഞിട്ടുണ്ട്.

ബി. ദേശീയ ജലപാതയുടെ നിർമ്മാണ പുരോഗതി അറിയിക്കാമോ ;

ബി. ദേശീയ ജലപാതയുടെ നിർമ്മാണ പ്രവർത്തനങ്ങളും സംരക്ഷണവും നവീകരണവും കേന്ദ്ര ഗവൺമെന്റ് സ്ഥാപനമായ ഇൻലാന്റ് വാട്ടർവേയ്സ് അതോറിറ്റി ഓഫ് ഇന്ത്യ (IWAI) യുടെ കീഴിലാണ് നടപ്പിലാക്കി വരുന്നത്. കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള 168 കി.മീറ്റർ ഭാഗം ഗതാഗതയോഗ്യമായിട്ടുണ്ട്.

സി. ചരക്ക ഗതാഗതത്തിനായി, കൊല്ലം - കോവളം, നീലേശ്വരം - കോട്ടപ്പുറം എന്നീ അനുബന്ധ ജലപാതകൾ വികസിപ്പിച്ച് കേരളത്തിലെ തുറമുഖങ്ങളുമായി ബന്ധിപ്പിക്കുന്ന നിർമ്മാണ പ്രവൃത്തിയുടെ പുരോഗതി അറിയിക്കാമോ ?

സി. കോവളം മുതൽ നീലേശ്വരം വരെയുള്ള പ്രധാന ജലപാതയുടെ വികസന പ്രവർത്തനങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ അവയെ വിവിധ തുറമുഖങ്ങളുമായി ബന്ധിപ്പിക്കുന്നതിനുള്ള ലിങ്ക് കനാലുകൾ നിർമ്മിക്കുന്നത് പരിശോധിക്കാൻ കഴിയുകയുള്ളൂ.

സെക്ഷൻ ഓഫീസർ